(ഡി) സംസ്ഥാനത്ത് പച്ചക്കറി ശീതീകരിച്ച് സൂക്ഷിക്കുന്നതിനുള്ള സാങ്കേതികവിദ്യ എപ്രകാരം ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാനത്ത് കൂടുതൽ പച്ചക്കറി ഉല്പാദിപ്പിക്കുന്ന മേഖലകളിൽ ശീതീകരണ സംഭരണശാലകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ.കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഉണ്ട്

(ബി)&(സി)പാലക്കാട് ജില്ലയിലെ എരിത്തിയാമ്പതി, ഇടുക്കിജില്ലയിലെ മൂന്നാർ എന്നിവിടങ്ങളിൽ ഹോർട്ടികോർപ്പിന്റെ ആഭിമുഖ്യത്തിൽ പച്ചക്കറി സംഭരിച്ച് സൂക്ഷിക്കുവാൻ ശീതീകരണ സംഭരണശാലകൾ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭനടപടികൾ സ്വീകരിച്ചുവരുന്നു. കൃഷിവകുപ്പിന്റെ ആഭിമുഖ്യത്തിൽ ഊർജ്ജിത പച്ചക്കറി വികസനപദ്ധതിപ്രകാരം ഇടുക്കി, വയനാട് ജില്ലകളിൽനിന്നും ശീതകാല പച്ചക്കറികൾ സംഭരിച്ച് വിപണനം നടത്തുവാനായി ഒരു ശീതീകരിച്ച വാഹനം വാങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

(ഡി) കേരള കാർഷിക സർവകലാശാലയുടെ സാങ്കേതിക സഹായത്തോടുകൂടി ഈ പദ്ധതി നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നു.

(ഇ) പരിഗണനയിലുള്ള സംഭരണശാലകൾ സ്ഥാപിച്ച് പ്രവർത്തനം നിരീക്ഷിച്ചശേഷം കൂടുതൽ മേഖലകളിൽ വ്യാപിപ്പിക്കുന്ന കാര്യം ആലോചിക്കുന്നതാണ്.

21 (454) എണ്ണപ്പനയിൽനിന്നും പാംഓയിൽ വേർതിരിച്ചെടുക്കുന്നതിന് സംവിധാനം

ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :
ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എണ്ണപ്പനകുലയിൽനിന്നും പാംഓയിൽ വേർതിരിച്ചെടുക്കുന്ന മില്ല് ഭാരതീപുരത്ത് പ്രവർത്തനത്തിന് സജ്ജമായിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത മില്ലിന്റെ പ്രവർത്തനശേഷി എത്ര എന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത മില്ലിൽ എണ്ണപ്പനകുരുവിൽനിന്നുകൂടി എണ്ണ ഉല്പാദിപ്പിക്കുന്നതിന് എന്തെങ്കിലും സംവിധാനമുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) എണ്ണപ്പനകുലയിൽനിന്നും പാംഓയിൽ വേർതിരിച്ചെടുക്കുന്ന മില്ലിന്റെ ആവശ്യത്തിലേയ്ക്കുള്ള അസംസ്കൃത സാധനങ്ങൾ ലഭ്യമാക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പാം ഓയിൽ മില്ലിന്റെ ആവശ്യം മുൻനിറുത്തി സംസ്ഥാനത്ത് എണ്ണപ്പനക്കൃഷി വ്യാപിപ്പിക്കാൻ ഉദ്ദേശ്യമുണ്ടോ; എങ്കിൽ എവിടെയെല്ലാമാണ് എണ്ണപ്പനക്കൃഷി വ്യാപിപ്പിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(എഫ്)ഒമ്പതാം പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് എണ്ണപ്പന വെച്ചുപിടിപ്പിക്കാൻ പദ്ധതി തയാറാക്കിയിട്ടുണ്ടോ? എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) പ്രസ്തുത മില്ലിന്റെ പണി പൂർത്തിയായിട്ടുണ്ട്.

(ബി) 20 മെട്രിക് ടൺ/എഫ്.എഫ്.സി/എച്ച്.ആർ.

(സി) ഉണ്ട്, എണ്ണപ്പനകുരുവിൽനിന്നും എണ്ണ ഉല്പാദിപ്പിക്കുന്ന സംവിധാനത്തിലൂടെ കമ്പനി ഒരുവർഷം 750 ടൺ എണ്ണ ഉല്പാദിപ്പിച്ചെടുക്കുവാൻ ലക്ഷ്യമിടുന്നു.

(ഡി) പ്രസ്തുത മില്ലിലേയ്ക്കുള്ള അസംസ്കൃത സാധനങ്ങൾ കമ്പനിയുടെ 3646 ഹെക്ടർ സ്ഥലത്തുള്ള എണ്ണപ്പനകളിൽനിന്ന് ലഭ്യമാണ്.

(ഇ) കൊല്ലം ജില്ലയിലും പ്രാന്തപ്രദേശങ്ങളിലും 1000 ഹെക്ടർ സ്ഥലത്ത് എണ്ണപ്പനകൃഷി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. കോട്ടയം ജില്ലയിലെ 200 ഹെക്ടർ കരിനിലങ്ങളിൽ ഓയിൽ പാം മാതൃകാ കൃഷിത്തോട്ടം നിർമ്മിക്കുന്നതിനുള്ള പദ്ധതി കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലാണ്.

(എഫ്)ഉണ്ട്. ഒമ്പതാം പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് കർഷകരുടെ 1000 ഹെക്ടർ ഭൂമിയിൽ 75% കേന്ദ്ര സഹായത്തോടെ ഓയിൽ പാം കൃഷി നടപ്പിലാക്കുന്നതിനുള്ള ഒരു പദ്ധതിക്ക് സർക്കാർ അംഗീകാരം കൊടുത്തിട്ടുണ്ട്. ഒമ്പതാം പദ്ധതിയിൽ ഓയിൽ പാം കൃഷി വ്യാപിപ്പിക്കുന്നതിനായി കോട്ടയം ജില്ലയിലെ അർപ്പൂക്കര വില്ലേജിൽ മാതൃകാ കൃഷിത്തോട്ടം നിർമ്മിക്കുന്നതിനുള്ള പദ്ധതി കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലാണ്.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ†

1 (2558) നികുതിപിരിവിലെ കുറവ്

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. സത്യൻ മൊകേരി :
ശ്രീമതി ആർ. ലതാദേവി :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. സി.എൻ. ജയദേവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നികുതിപിരിവിലെ വർദ്ധനയുടെ തോത് കുറഞ്ഞുവരുന്നുണ്ടോ;

† താമസിച്ച് ലഭ്യമായ ഉത്തരങ്ങൾ അനുബന്ധം I ആയി ഉൾപ്പെടുത്തിയിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly